**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **27-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ ജി സ്റ്റീഫൻ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ പ്രാധാന്യമുള്ളതുമായ പാലുല്പാദന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി: ക്ഷീരകർഷകർക്കും, കുടുംബാംഗങ്ങൾക്കും, കന്നുകാലികൾക്കും ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. ക്ഷീരകർഷക ക്ഷേമനിധി: കർഷകരുടെ സാഹമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി, 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകി വരുന്നു. |
| (ബി) | ക്ഷീരകർഷകർക്ക് നൽകിവരുന്ന പെൻഷൻ തുകയെത്രയെന്നും അതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്നുമുള്ള വിവരം ലഭ്യമാണോ; പെൻഷൻ ഫണ്ടിലേക്കുള്ള വിഭവ സമാഹരണം എങ്ങനെയാണ്; കോവിഡ് പാശ്ചാത്തലത്തിൽ ഇവർക്കായി പ്രത്യേക സഹായ പദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദമാക്കാമോ; | (ബി) | 2020-21 മാർച്ച് വരെ 353145 ക്ഷീരകർഷകർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ആയതിൽ ക്ഷേമനിധി നിയമപ്രകാരം നിശ്ചിത യോഗ്യത നേടിയ 56611 അംഗങ്ങൾക്ക് പ്രതിമാസം 1,600/- രൂപ വീതം പെൻഷൻ നൽകി വരുന്നു. ക്ഷീരസംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷകരിൽ നിന്നും പ്രതിമാസം 20/- രൂപയും, ഓരോ ക്ഷീരസംഘവും സംഭരിച്ച് പ്രാദേശിക വിപണനം നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.5 ശതമാനവും, സംഘം മിൽമയ്ക്കോ മേഖലാ യൂണിയനോ നൽകുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.3 ശതമാനവും, മിൽമയോ മേഖലാ യൂണിയനോ വില്പന നടത്തുന്ന ഓരോ ലിറ്റർ പാലിനും വിപണന വിലയുടെ 0.75 ശതമാനവും എന്ന നിരക്കിൽ അംശദായമായി ക്ഷേമനിധിയിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ക്ഷേമനിധിയിൽ പെൻഷൻ വിഹിതമായി നേരിട്ടും ഫണ്ട് നൽകുന്നുണ്ട്. കോവിഡ് ബാധിച്ച ക്ഷീരകർഷകർക്ക് അടിയന്തിര ധനസഹായം ക്ഷേമനിധി ബോർഡ് നൽകിയിരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, |

| | | | |
|---|---|---|---|
| | | | കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകിയിട്ടുണ്ട് (കുറഞ്ഞത് 250/- രൂപ പരമാവധി 1,000/- രൂപ). |
| (സി) | യുവാക്കൾക്കും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങാനിടയായ പ്രവാസികൾക്കും ഉൾപ്പെടെ ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പരിപാടിയുണ്ടോ; കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. യുവസംരംഭകർക്കും, മറുനാട്ടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്ന പ്രവാസികൾക്കും തങ്ങളുടെ ഭൗതിക, സാമ്പത്തിക സാഹചര്യമനുസരിച്ച് തെരഞ്ഞെടുക്കാവുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് മുന്നോടി യായി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും, കാലിത്തൊഴുത്ത് നിർമ്മാണം, ഉരുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തീറ്റ ധനസഹായം, ഉരുക്കളെ പരിപാലിക്കുന്നതിന് ഭൗതിക ചുറ്റുപാടുകൾ ഒരുക്കുക, ആധുനികവൽക്കരണത്തിനുള്ള ധന സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ